LIBRARY ARCHIVES Kerala Legislative Assembly

കെട്ടിട നികുതി യഥാസമയം അടയ്ക്കാതിരുന്നാൽ ചുമത്തുന്ന പിഴ

42 [5883] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് ആക്ട് പ്രകാരം വസ്തു നികുതി/കെട്ടിട നികുതി യഥാ സമയം അടയ്ക്കാതിരുന്നാൽ ചുമത്തിയിരുന്ന പിഴ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതലാണ് പിഴ ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥ ചെയ്തിരുന്ന ഏതെല്ലാം നികുതികൾക്കാണ് പിഴ ഒഴിവാക്കിയിട്ടുള്ളത്?

ഉത്തരം

(എ) ഒഴിവാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) കേരള പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നികുതികൾക്ക് പിഴ പലിശ ഒഴിവാക്കിയിട്ടില്ല.

അംഗൻവാടികൾക്ക് ലോകബാങ്ക് സഹായം

43 [5884] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, എം. എ. ചന്ദ്രശേഖരൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങളിൽ അംഗൻവാടികൾ നിർമ്മി ക്കുന്നതിന് ലോകബാങ്ക് സഹായം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുകയുടെ സഹായം ലഭിച്ചു;

(സി) ഈ തുക ഉപയോഗിച്ച് എത്ര അംഗൻവാടികൾ എവിടെയെല്ലാം സ്ഥാപി ക്കണമെന്ന് തീരുമാനമെടുത്തുവോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10 കോടി രൂപ.

(സി) സ്വന്തമായി 3 സെന്റ് ഭൂമിയെങ്കിലും ഉള്ള പഞ്ചായത്തുകളിലാണ് അംഗൻവാടികൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്.